ചേർത്തല മണ്ഡലത്തിലെ കർഷകരുടെ കർഷക കടാശ്വാസ അപേക്ഷ

122 (3090) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകിയിരുന്ന ചേർത്തല മണ്ഡലത്തിലെ എത്ര കർഷകർക്ക് ഈ സർക്കാർ കാലയളവിൽ സാമ്പത്തിക ആനുകൂല്യം ലഭിച്ചുവെന്നും എത്ര രൂകയാണ് ലഭിച്ചതെന്നും പറയാമോ ;

(ബി) എത്ര കർഷകരുടെ കടം പൂർണ്ണമായും എഴുതിത്തള്ളിയെന്ന വ്യക്തമാക്കാമോ ; ഏതെല്ലാം ബാങ്കുകളുമായി ബന്ധപ്പെട്ട വായ്പകളായിരുന്നുവെന്നും ഓരോ ബാങ്കുകളും എത്ര രൂക വീതമാണ് നൽകിയതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കേരള കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകിയിരുന്ന ചേർത്തല മണ്ഡലത്തിലെ കർഷകരുടെ, 1125 കടക്കരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം), എ 327 ചേർത്തല കാർഡ് ബാങ്ക് (ക്ലിപ്തം), 1344 ചേർത്തല തെക്ക് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) എന്നീ ബാങ്കുകളിലെ 64 വായ്പകളിലായി 18,32,400 രൂപയുടെ കടാശ്വാസം നൽകിയിട്ടുണ്ട്.

(ബി) 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ടിൽ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. ആക്ട് നിലവിൽ വന്ന തീയതിയായ 18-1-2007-നോ അതിനു മുമ്പോ കർഷകരിൽ നിന്ന് ലഭിക്കാനുള്ള ബാദ്ധ്യതയ്ക്ക് കടാശ്വാസം അനുവദിക്കുകയാണ് ചെയ്യുന്നത്.

സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ പദ്ധതി

123 (3091) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly